കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പനത്തടി ഗ്രാമ പഞ്ചായത്ത്

2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-കെ.എസ്.ഡി-10/68 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ല ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
തീയതി. 03.01.2017

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസരഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പനത്തടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനത്തടി ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്.

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എസ്.ഡി.10/68/2017 തിയ്യതി:03.01.2017

കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം , മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ

തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. രാജാരാമ .സി ,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന്റെ വിനിയോഗിച്ച സമയം : 24.12.2016 മുതൽ 31.12.2016 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ :

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ധനജയൻ.ടി.എസ് | ഓഡിറ്റ് ഓഫീസർ |
| വിനോദ് കുമാർ. വി | അസി. ഓഡിറ്റ് ഓഫീസർ |
| രഘുനാഥൻ.കെ. | അസി. ഓഡിറ്റ് ഓഫീസർ |
| സുധീഷ്.എൻ.കെ | ഓഡിറ്റർ |
| ജനാർദ്ദനൻ.സി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സുപ്രിയ അജിത് | 01.04.2014 മുതൽ 31.10.2015 വരെ |
| | ശ്രീ.പി.ജി.മോഹനൻ | 01.12.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. ജോസഫ് സാമുവൽ | 01.04.2015 മുതൽ 01.07.2015 വരെ |
| | ശ്രീ. ദാമോദരൻ | 01.08.2015 മുതൽ 31.08.2015 വരെ |
| | ശ്രീ. ജോസഫ് സാമുവൽ | 01.09.2015 മുതൽ 14.12.2015 വരെ |
| | ശ്രീ. ദാമോദരൻ | 15.12.2015 മുതൽ 31.03.2016 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ. നം. | പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|---|
| 1 | 1.ശ്രീ. രഞ്ജിത്ത് കുമാർ<br>2.അതുൽ ബി മണപ്പാടൻ | കൃഷി ആഫീസർ | 01.04.2014 മുതൽ 20.09.2015വരെ<br>20.09.2015 മുതൽ 31.03.2016വരെ |
| 2 | ശ്രീ.അശോകൻ. എ | വി.ഇ.ഒ | 01.04.2015മുതൽ |

| | | | |
|---|---|---|---|
| | | | 31-03-2016 വരെ |
| 4 | 1.ശ്രീമതി. സുഹൈറത്ത് കെ.ടി<br><br>2.അമിത.എം കേളപ്പൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2014 മുതൽ 30.12.2015വരെ<br>30.12.2015 മുതൽ 31.03.2016വരെ |
| 5 | ശ്രീ.ബാലചന്ദ്രൻ.എം | ഹെഡ്മാസ്റ്റർ | 01.04.2015 മുതൽ 31.03.2016വരെ |
| 6 | 1.ശ്രീ. സുജിത്ത് രാജൻ<br><br>2.രമേശൻ കുറുവാട്ടിൽ<br><br>3.വൈശാഖ്.ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2015 മുതൽ 30.05.2015വരെ<br>30.05.2015 മുതൽ 05.02.2016വരെ<br>06.02.2016 മുതൽ 31.03.2016വരെ |
| 7 | ഡോ. പ്രവീൺ ബാബു | മെഡിക്കൽ ആഫീസർ (അലോപ്പതി) | 01.04.2015 മുതൽ 31.03.2016വരെ |
| 8 | 1.ഡോ.സവിത.എസ്.<br><br>2.ഡോ.സജിത്ത്.വി.പി | മെഡിക്കൽ ആഫീസർ (ആയുർവേദം) | 01.04.2015മുതൽ 03.03.2016വരെ<br>03.03.2016 മുതൽ 31.03.2016വരെ |
| 9 | ഡോ. പി.എം. ജോസഫ് | വെറ്ററിനറി സർജ്ജൻ | 01-04-15 മുതൽ<br>31-03-2016വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 4 ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | രശീതി പരിശോധന അപാകത | 2-1 |
| 12 | തൊഴിൽ നികുതി അപാകത | 2-2 |
| | ഭാഗം 3 | |
| 13 | ബോർവെൽ പമ്പ് വാങ്ങിയത് അപാകത | 3-1 |
| 14 | റിഫ്രഷ്മെന്റ് ചാർജ്ജസ് അപാകത | 3-2 |
| 15 | മരാമത്ത് പണി-റോഡ് കോൺക്രീറ്റ് അപാകത | 3-3 |
| 16 | മരാമത്ത് പണി-അംഗണവാടി റിപ്പയർ അപാകത | 3-4 |
| 17 | മരാമത്ത് പണി-സ്കൂൾ അസംബ്ലി പവലിയൻ നിർമ്മാണം അപാകത | 3-5 |
| 18 | ഡ്രൈവർക്ക് വേതനം – അപാകത | 3-6 |
| 19 | ബസ് സ്റ്റാന്റ് കക്കൂസ് വൃത്തിയാക്കിയത് അപാകത | 3-7 |
| 20 | ആംബുലൻസ് ഡ്രൈവർ വേതനം – അപാകത | 3-8 |
| 21 | പഞ്ചായത്ത് വാഹനം-ഡീസൽ നിറച്ചത് ലോഗ്ബുക്കിൽ ചേർക്കുന്നില്ല | 3-9 |
| 22 | മീഡിയാശ്രീ പദ്ധതി – അപാകത | 3-10 |
| | ഭാഗം 4 | |
| 23 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |

| | | |
|---|---|---|
| 30 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| 2015-16 ലെ ബഡ്ജറ്റ് പാസ്സാക്കിയ തിയ്യതി, നമ്പർ | (പുതുക്കിയത്) |
|---|---|
| നം.29/2015, തിയ്യതി.16.03.2015 | നം.22/2016, തിയ്യതി - 01.03.2016 |

## 1-2 വാർഷികധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി |
|---|---|---|
| 2015-16 | 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുൻബാക്കി | 3,94,64,559.00 |
| വരവ് | 9,52,68,660.00 |
| ആകെ | 13,47,33,219.00 |
| ചെലവ് | 12,28,03,579.00 |
| നീക്കിയിരിപ്പ് | 1,19,29,640.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ്(RP40 പ്രകാരം) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വരവ് | | | | |
| വികസനഫണ്ട് (Gen) | 32,74,229 | 1,00,000 | 1,37,92,910 | 1,71,67,139 | 99,23,554 | 72,43,585 (സർക്കാരിലേക്ക്) | 0 |
| വികസനഫണ്ട് (SCP) | 33,21,059 | 25,18,345 | - | 58,39,404 | 35,44,684 | 22,94,720 | 0 |
| വികസനഫണ്ട് (TSP) | 78,09,509 | 87,73,886 | - | 1,65,83,395 | 1,30,61,353 | 35,22,042 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 32,09,281 | 74,06,434 | - | 1,06,15,715 | 66,96,470 | 39,19,245 | 0 |
| ലോകബാങ്ക് സഹായം | 41,08,903 | 38,92,742 | - | 80,01,645 | 39,39,742 | 40,61,903 | 0 |
| സംരക്ഷണ ഗ്രാന്റ്(Road) | 46,88,602 | 67,04,784 | - | 1,13,93,386 | 1,23,58,822 | - | (-)9,65,436 |
| സംരക്ഷണ ഗ്രാന്റ്(Non-Road) | 15,88,478 | 17,17,719 | - | 33,06,197 | 23,40,761 | - | (+)9,65,436 |
| MGNREGA | 3,64,112 | 2,42,55,532 | - | 2,46,19,644 | 2,46,15,943 | - | 3,701 |
| ബി-ഫണ്ട് | 0 | 2,06,19,040 | | 2,06,19,040 | 2,06,19,040 | - | 0 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 249 | 170 | - | 79 | 68.27% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 6 | 26,89,439 | 18,95,007 | 70.46 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 44,58,249 | 18,42,189 | 41.32 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 4 | 10,85,735 | 10,58,866 | 97.53 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 3,00,000 | 3,00,000 | 100 |
| വി.ഇ.,ഒ | 26 | 17 | 2,00,97,475 | 93,46,100 | 46.50 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 5 | 4 | 21,88,800 | 17,13,874 | 78.30 |
| അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 167 | 113 | 4,99,72,153 | 3,69,66,341 | 73.99 |
| ഹെഡ്മാസ്റ്റർ | 7 | 6 | 12,96,459 | 9,24,982 | 71.35 |
| സെക്രട്ടറി | 22 | 12 | 71,34,377 | 35,76,673 | 50.13 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)(-) |
|---|---|---|---|---|
| നികുതി വരവുകൾ | 25,59,495 | 18,27,667 | (-)7,31,828 | (-)28.59 |
| നികുതിയേതര വരവുകൾ | 2,81,935 | 3,34,180 | (+)52,245 | (+)18.53 |
| മറ്റ് വരവുകൾ/ ബാങ്ക് പലിശ | 6,75,801 | 6,78,300 | (+)2,499 | (+).36 |
| ആകെ | 35,17,231 | 28,40,147 | (-)6,77,084 | (+)19.25 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി - നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16 വർഷം ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 15 | 7 | 8 | 0 |
| 2 | തൊഴിൽരഹിത വേതനം | 0 | 0 | 0 | 0 |
| 3 | വിധവാ പെൻഷൻ | 76 | 69 | 7 | 0 |
| 4 | വികലാംഗ പെൻഷൻ | 5 | 4 | 1 | 0 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 0 | 1 | 0 |
| 6 | വാർദ്ധക്യകാല പെൻഷൻ | 98 | 84 | 14 | 0 |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ | 20 | 18 | 0 | 0 |

| | ധനസഹായം | | | | |
|---|---|---|---|---|---|

| ക്രമ നം. | പദ്ധതി | 2015-16 വർഷം ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 11,93,790 | 197 |
| 2 | തൊഴിൽരഹിത വേതനം | 45,840 | 28 |
| 3 | വിധവാ പെൻഷൻ | 90,01,640 | 1176 |
| 4 | വികലാംഗ പെൻഷൻ | 19,14,850 | 244 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,82,560 | 23 |
| 6 | വാർദ്ധക്യകാല പെൻഷൻ | 77,40,360 | 1297 |
| 7 | വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 5,40,000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.12.2016 ന് 11.50 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 10,717/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.11.2016<br>21.11.2016<br>22.11.2016 | 2016 | 23.11.2016 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.3.2012<br>23.3.2012 | 2012-13 | 23.9.2013 | AFS സമർപ്പിക്കുന്നതിൽ കാലതാമസം |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന - അപാകത

രശീതി പരിശോധനയിൽ താഴെ ക്കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I. നികുതി പിരിവിനായി എൽ.ഡി. ക്ലർക്കായ ശ്രീ.സിയാദിനു നല്കിയ രശീത് ബുക്ക് നം.61483/57-100 & 61487/01-11 പ്രകാരം 31.03.2015 ന 56,946/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ 56,676/- രൂപ മാത്രമേ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളൂ(രശീതി നം.11401105713/31.03.2015). 270/- രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്.തുക തിരിച്ചടക്കേണ്ടതാണ്.

2. രശീതി ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 12.02.2014 ന് ഹെഡ് മാസ്റ്റർ,ജി.യു.പി.എസ് ,ചാമണ്ടിക്കുന്നിന് നൽകിയ 987 നം. രശീതി ബുക്കും 18.03.2015 ന് വെറ്ററിനറി സർജൻ,ബളാംതോടിന് നൽകിയ 61473 നം. രശീതി ബുക്കും ഓഡിറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.രശീതി പുസ്തകം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. എൻഡോസൾഫാൻ പാക്കേജിൽ ലഭിച്ച ആംബുലൻസ്(KL 60 J 3449) എൻഡോസൾഫാൻ രോഗികൾ ഒഴികെയുള്ളവർ വാടകയ്ക്കായി ആവശ്യപ്പെട്ടാൽ കിലോമീറ്ററിന് 10 രൂപ നിരക്കിലാണ് ഓടുന്നത്. ഇങ്ങനെ പാണത്തൂർ പി. എച്ച്. സി. യിൽ നിന്നും പരിയാരം ആശുപത്രിയിലേക്ക് ആംബുലൻസ് വാടകയ്ക്ക് ഉപയോഗിച്ച വകയിൽ ചണ്ണമ്മ ,C/o ബൈന്ദ നായിക്ക് എന്നവർ 2,490/- രൂപ അടവാക്കിയിട്ടുണ്ട്.(രസീതി നം. 61464/09 തീ.11.08.2016). എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല.

4. ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിൽ 30.09.2016 ന് KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബളാംന്തോട് 28,250/-(റ നം.11601400006/30.09.2016, ചെക്ക് നം.73458/28.07.2016) അടവാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപന നികുതിയിനത്തിൽ 1,250/- രൂപയും അടവാക്കിയിട്ടുണ്ട്.(റ നം.11601400007/30.09.2016, ചെക്ക് നം.73474/28.07.2016). മേൽ ചെക്കുകളുടെ വിവരം ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുക ബാങ്കിൽ അടവ് വന്നതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ 30.09.2016 ലെ ഫ്രണ്ട് ഓഫീസ് രശീതിയിൽ കാണിച്ചിരിക്കുന്ന തുകയായ 28,250/- യിൽ നിന്നും വ്യത്യസ്തമായി മേൽ സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി പത്രികയിൽ നികുതിയായി രേഖപ്പെടുത്തിയിരിക്കുന്നത് 28,500/- രൂപയാണ് ( ചെക്ക് നം. 123547 /05.09.2016). 1,250/- രൂപയ്ക്കുള്ള ചെക്ക് നമ്പറായി രേഖപ്പെടുത്തിയിരിക്കുന്നത് ചെക്ക് നം.125938/23.09.2016 എന്നുമാണ്. ഒരേ കാലയളവിലെ നികുതിക്ക് വ്യത്യസ്ത ചെക്ക് നമ്പർ വന്നതെങ്ങനെയെന്ന കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും(ഓഡിറ്റ് എൻക്വയറി നം. 13/30.12.2016) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല.

## 2-2 തൊഴിൽ നികുതി വരവ്- അപാകത

I. 2015-16 വർഷത്തേക്ക് താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് | കുറിപ്പ് |
|---|---|---|
| ക്ഷീരോൽപ്പാദക സഹകരണ സംഘം, ബളാന്തോട് | 2015-16 ആദ്യ അർദ്ധ വർഷം | സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷ നികുതി രസീതി.നം.11501103553,554 തീ.22.03.2016 പ്രകാരം അടവാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| ശ്രീ ധർമ്മ ശാസ്താ ഡ്രൈവിങ്ങ് സ്കൂൾ | 2015-16 ആദ്യ അർദ്ധ വർഷം | സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷ നികുതി രസീതി.നം.11501103798,799 തീ.31.03.2016 പ്രകാരം അടവാക്കിയിട്ടുണ്ട്. |
| ജി എച്ച് എസ് എസ് , ബളാന്തോടിന്റെ ഹൈസ്കൂൾ വിഭാഗം ജീവനക്കാർ | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം | ഇതേ സ്ഥാപനത്തിന്റെ ഹയർസെക്കന്ററി വിഭാഗം ജീവനക്കാരുടെ രണ്ട് അർദ്ധ വർഷത്തെ നികുതിയും അടവാക്കിയിട്ടുണ്ട്. |
| ശ്രീ ശ്രീ ജ്ഞാന മന്ദിർ , പുലിക്കടവ് | 2015-16 ആദ്യ അർദ്ധ വർഷം | സ്ഥാപനത്തിന്റെ രണ്ടാം അർദ്ധ വർഷ നികുതി രസീതി.നം.11501103787 തീ.31.03.2016 പ്രകാരം അടവാക്കിയിട്ടുണ്ട്. |
| അനുപമാ ഹോട്ടൽ , ബളാംതോട് | 2015-16 ആദ്യ അർദ്ധ വർഷം & രണ്ടാം അർദ്ധ വർഷം | - |
| മാവേലി സ്റ്റോർ, ബളാംതോട് | 2015-16 രണ്ടാം അർദ്ധ വർഷം | സ്ഥാപനത്തിന്റെ ആദ്യ അർദ്ധ വർഷ നികുതി രസീതി.നം.11501102017 തീ.29.09.2015 പ്രകാരം അടവാക്കിയിട്ടുണ്ട്. |
| മലബാർ സിമന്റ് വർക്ക്സ് , പാണത്തൂർ | 2015-16 രണ്ടാം അർദ്ധ വർഷം | സ്ഥാപനത്തിന്റെ ആദ്യ അർദ്ധ വർഷ നികുതി രസീതി.നം.11501102543,544 തീ.24.11.2015 പ്രകാരം അടവാക്കിയിട്ടുണ്ട്. |

മേൽ സ്ഥാപനങ്ങളുടെ നികുതി അടവാക്കിയത് സംബന്ധിച്ച് റജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളോ തൊഴിൽ നികുതി പത്രികകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല . ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. തൊഴിൽ നികുതി റജിസ്റ്ററിൽ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

III. കച്ചവടക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരം റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നം. 14/31.12..2016)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമ പഞ്ചായത്തിലേക്ക് പുതിയ ബോർവെൽ പമ്പ് വാങ്ങിയത് - തുക

<u>അധികം നൽകി.</u>

വൗച്ചർ നം.21500851/31.3.2016 – 8,100/-

പനത്തടി ഗ്രാമ പഞ്ചായത്തിലെ ബോർവെൽ മോട്ടോർ തകരാറിലായതിനാൽ മേൽ വൗച്ചർ പ്രകാരം പുതിയ ബോർവെൽ പമ്പ് വാങ്ങിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് 18.2.2016 ൽ പഴയ മോട്ടോർ തിരിച്ചെടുക്കാനും, പുതിയ മോട്ടോർ സ്ഥാപിക്കാനുമായി ക്വട്ടേഷൻ ക്ഷണിച്ചതിന് ശ്രീ.അബ്ദുൾ അസീസ്, ചാപ്പക്കൽ ഹാർഡ് വേർസ് & ഇലക്ട്രിക്കൽസ് പാണത്തൂർ നൽകിയ ക്വട്ടേഷൻ തീരുമാനം നം.24/16(15)/Dt.01.03.2016 പ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

<u>ചാപ്പക്കൽ ഹാർഡ് വേർസ് & ഇലക്ട്രിക്കൽസ് പാണത്തൂർ-ക്വട്ടേഷൻ നം.948/dt.Nil</u>

മോട്ടോർ സ്ഥാപിക്കുന്നതിന് - - 10,600/-

പഴയ മോട്ടോർ തിരിച്ചെടുക്കുന്നതിന് - 4,000/-

എന്നാൽ ശ്രീ.അബ്ദുൾ അസീസ് പ്രവർത്തി പൂർത്തീകരിച്ച് ബിൽ നൽകിയത് താഴെപ്പറയും പ്രകാരമാണ്.

<u>ചാപ്പക്കൽ ഹാർഡ് വേർസ് & ഇലക്ട്രിക്കൽസ് പാണത്തൂർ-ബിൽ നം.194/dt.08.03.16</u>

മോട്ടോർ സ്ഥാപിക്കുന്നതിന് - - 12,100/-

പഴയ മോട്ടോർ തിരിച്ചെടുക്കുന്നതിന് - 4,000/-

ഈ ബില്ലിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ആകെ 12,100/- രൂപയെന്ന് കാണിക്കുകയും, ഈ തുകയിൽ നിന്നും പഴയ മോട്ടോറിന്റെ വിലയായ 4,000/- രൂപ കിഴിച്ച് 8,100/- രൂപ ശ്രീ.അബ്ദുൾ അസീസിന് ചെക്ക് നം.7791/31.3.2016 പ്രകാരം നൽകുകയും ചെയ്തു. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം നൽകേണ്ടത് 6,600/- രൂപയാണ്(10,600-4,000),എന്നാൽ 1,500/- രൂപ അധികം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.03/29.12.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയത് ഇപ്രകാരമാണ്, അടിയന്തിരമായി മോട്ടോർ സ്ഥാപിക്കേണ്ടതിനാലാണ് പണിക്കൂലി നൽകിയത്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അതിനാൽ അധികം നൽകിയ 1,500/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 <u>റിഫ്രഷ്മെന്റ് ചാർജ്ജസ് തുക ചെലവഴിച്ചത് - ബില്ല്, യോഗത്തിന്റെ മിനിട്സ് എന്നിവ ഹാജരാക്കിയിട്ടില്ല.</u>

2015-16 വർഷത്തിൽ വിവിധ മാസങ്ങളിൽ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഈ തുക നൽകുന്നതിന് ആധാരമായി ബില്ല് ബന്ധപ്പെട്ട സ്ഥാപനം സമർപ്പിച്ചിട്ടില്ല. അവരുടെ അപേക്ഷ അടിസ്ഥാനമാക്കിയാണ് തുക നൽകുന്നത്, അപേക്ഷയിൽ അതാത് മാസം ആകെ ഇത്ര രൂപക്ക് ഭക്ഷണം നൽകി എന്ന് മാത്രമാണ് പറയുന്നത്. ഇനം, എത്ര എണ്ണം, ഒരെണ്ണത്തിന് എത്ര വില, ഏത് യോഗം, എത്ര പേർ പങ്കെടുത്തു, യോഗത്തിന്റെ മിനിട്സ് എന്നിവയൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | മാസം | നൽകിയത് | ചെക്ക് നമ്പർ/തിയ്യതി |
|---|---|---|---|---|---|
| 1 | 21500027/21.04.15 | 5902 | 03/15 | കാർത്ത്യായനി, കുടുംബശ്രീ ഹോട്ടൽ | 11737/21.04.15 |
| 2 | 21500084/20.05.15 | 4969 | 04/15 | പി.അബ്ദുള്ള, ചെമ്പേരി | 11815/20.05.15 |

| | | | | | |
|---|---|---|---|---|---|
| 3 | 21500121/05.06.15 | 7750 | 05/15 | പി.അബ്ദുള്ള, ചെമ്പേരി | 11824/05.06.15 |
| 4 | 21500164/20.07.15 | 3860 | 06/15 | പി.അബ്ദുള്ള, ചെമ്പേരി | 11837/20.07.15 |
| 5 | 21500202/06.08.15 | 6370 | 07/15 | പി.അബ്ദുള്ള, ചെമ്പേരി | 10230/06.08.15 |
| 6 | 21500315/15.09.15 | 7170 | 08/15 | പി.അബ്ദുള്ള, ചെമ്പേരി | 10522/15.09.15 |
| 7 | 21500357/08.10.15 | 7156 | 09/15 | പി.അബ്ദുള്ള, ചെമ്പേരി | 0539/08.10.15 |
| 8 | 21500715/08.03.16 | 4860 | 02/16 | പി.അബ്ദുള്ള, ചെമ്പേരി | 7760/09.03.15 |
| | ആകെ | 48,037 | | | |

മേൽ വിവരിച്ച പ്രകാരം ആകെ 48,037/- രൂപ റിഫ്രഷ്മെന്റ് ചാർജ്ജിനത്തിൽ ചെലവ് നടത്തിയതിന്റെ ഭക്ഷണ ഇനം, എത്ര എണ്ണം, ഒരെണ്ണത്തിന് എത്ര വില എന്നിവ കാണിക്കുന്ന വിശദമായ ബില്ല്, ഏത് യോഗം, എത്ര പേർ പങ്കെടുത്തു, യോഗത്തിന്റെ മിനിട്സ് എന്നിവയൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.01/29.12.2016 പ്രകാരം ഇവ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 48,037/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. ആവശ്യപ്പെട്ട വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 റോഡുകളുടെ ഉപരിതലം കോൺക്രീറ്റിന് ഫ്ലോറിംഗിനുള്ള നിരക്ക് അനുവദിച്ചതിനാൽ നഷ്ടം

2015-16 വർഷത്തിൽ ചില റോഡുകളുടെ ഉപരിതലം കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. 1:4:8 അനുപാതത്തിൽ 40 mm കല്ലുപയോഗിച്ച് അടിത്തട്ടും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 20 mm കല്ലുപയോഗിച്ച് ഉപരിതലവും കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

1:4:8 അനുപാതത്തിൽ 40 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റിന് ഡെൽഹി നിരക്കിലെ 4.1.8 കോഡ് പ്രകാരമുള്ള നിരക്കും 1:2:4 അനുപാതത്തിൽ 20 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റിന് ഡെൽഹി നിരക്കിലെ 11.7 എന്ന കോഡിലെ നിരക്കുമാണ് അനുവദിച്ച കാണുന്നത്.

1:2:4 അനുപാതത്തിൽ 20 mm കല്ലുപയോഗിച്ചുള്ള കോൺക്രീറ്റിന് ഡെൽഹി നിരക്കിലെ 11.7 എന്ന കോഡിലെ നിരക്കാണ് അനുവദിച്ച കാണുന്നത്. ഡെൽഹി നിരക്കിലെ 11.7 എന്ന കോഡ് പ്രകാരമുള്ള നിരക്ക് ഫ്ലോറിംഗിനുള്ള നിരക്കാണ്. ഈ നിരക്ക് റോഡുകളുടെ ഉപരിതലത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിന് അനുവദിക്കാവുന്നതല്ല. റോഡുകളുടെ ഉപരിതലം കോൺക്രീറ്റ് ചെയ്യുന്നതിന് കോഡ് 4.1.3 പ്രകാരമുള്ള നിരക്കും കോഡ് 16.42 പ്രകാരമുള്ള സൈഡ് ഷട്ടറിംഗ് അളവായ 0.407sqm /1 cum ന് കോഡ് 5.9.1 പ്രകാരമുള്ള ഷട്ടറിംഗ് നിരക്കും മാത്രമേ അനുവദിക്കാവൂ.

അനുവദിച്ച നിരക്ക്- 5759.20/cum (കോഡ് 11.7) x 1.3048 (cost index) =

7514.60/cum

അനുവദനീയമായ നിരക്ക്-

5466.30/cum (കോഡ് 4.1.3) x 1.3048 (cost index) =7132/cum

(+) 0.407 sqm ഷട്ടറിംഗ് നിരക്ക് @ 196.45/sqm = 79.96 x 1.3048 (cost index) = 104.33/cum = 7236.33/cum

കോൺക്രീറ്റ് നടത്തിയ പ്രവൃത്തികളുടെ വിവരങ്ങളും അധികം നൽകിയ തുകകളുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, പേമെന്റ് വിശദാംശങ്ങൾ | കോൺക്രീറ്റ് പ്രവൃത്തിയുടെ വിശദാംശങ്ങൾ (എസ്റ്റിമേറ്റ്) | ചെയ്ത പ്രവൃത്തിയുടെ അളവ്, നിരക്ക്, മൂല്യം | അനുവദനീയമായ മൂല്യം | അധികം |
|---|---|---|---|---|---|
| 1 | പ്രോജക്ട് നം- 172/16<br>പ്രവൃത്തിയുടെ പേര്- കുറിഞ്ഞി എസ് ടി കോളനി റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ.എ.കെ.ശശി, 23.29% കുറവ് നിരക്കിൽ<br>പേമെന്റ്- ബിൽ നം 127/15-16, തിയതി- 31.03.2016, തുക- 5,37,000 | ഇനം 9, കോഡ് 11.7,<br>31.91 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.2,39,791 | പേജ് 16, 23, എം ബുക്ക് നം 52/15-16,<br>33.50 cum @ 7514.60/cum = Rs.2,51,731.10 | 33.50 cum @ 7236.33/cum = Rs.2,42,417.05 | 7,145<br>(ടെണ്ടർ കിഴിവിനു ശേഷം) |
| 2 | പ്രോജക്ട് നം- 207/16<br>പ്രവൃത്തിയുടെ പേര്- ബാപ്പുകയം അഗതി റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ.റെജി ജോസഫ് (എസ്റ്റിമേറ്റ് നിരക്ക്)<br>പേമെന്റ്- വൗച്ചർ നം 56/15-16, | ഇനം 4, കോഡ് 11.7,<br>10 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.75,146 | പേജ് 6,9 എം ബുക്ക് നം 5/15-16,<br>10 cum @ 7514.60/cum = 75,146 | 10 cum @ 7132/cum = Rs.71,320<br>(ഷട്ടറിംഗിനുള്ള തുക ഇനം 5 ആയി പ്രത്യേകം അനുവദിച്ചിട്ടുണ്ട്.) | 3,826 |

| | | | | | |
|---|---|---|---|---|---|
| | തിയതി-14.03.2016, തുക-1,40,695 | | | | |
| 3 | പ്രോജക്ട് നം-182/16<br>പ്രവൃത്തിയുടെ പേര്- വട്ടക്കുണ്ട് കര്യങ്ങാനം റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ.എ.കെ.ശശി (എസ്റ്റിമേറ്റ് നിരക്ക്)<br>പേമെന്റ്- വൗച്ചർ നം 54/15-16, തിയതി-27.02.2016, തുക-2,98,849 | ഇനം 4, കോഡ് 11.7,<br>19.95 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.1,49,916 | പേജ് 6, 16 എം ബുക്ക് നം 72/12-13,<br>19.95 cum @ 7514.60/cum = Rs.1,49,916.27 | 19.95 cum @ 7236.33/cum = Rs.1,44,364.78 | 5,541 |
| 4 | പ്രോജക്ട് നം-133/16<br>പ്രവൃത്തിയുടെ പേര്- പ്രാന്തർകാവ് വിത്തുകുളം റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- ശ്രീ.ജോസഫ് ജോയ് (എസ്റ്റിമേറ്റ് നിരക്ക്)<br>പേമെന്റ്- വൗച്ചർ നം 48/15-16, | ഇനം 3, കോഡ് 11.7,<br>33.30 cum cement concrete in 1:2:4 in 20 mm stone aggregate) @ 7514.60/cum = Rs.2,50,236 | പേജ് 7, 10, എം ബുക്ക് നം 85/14-15,<br>33 cum @ 7514.60/cum = Rs.2,47,981.80 | 33 cum @7132/cum = Rs.2,35,356<br>(ഷട്ടറിംഗിനുള്ള തുക ഇനം 5 ആയി പ്രത്യേകം അനുവദിച്ചിട്ടുണ്ട്.) | 12,626 |

| | | | | | |
|---|---|---|---|---|---|
| | തിയതി- 22.02.2016, തുക- 4,90,753 | | | | |
| | ആകെ | | | | 29,138 |

ഓഡിറ്റ് എൻക്വയറി നം 6, തിയതി 29.12.2016 മുഖേന മേൽ അപാകതകൾക്ക് വിശദീകരണങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയർ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ എഞ്ചിനീയർമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 അങ്കണവാടി റിപ്പയർ- ജി.ഐ ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് നിരക്ക് കണക്കാക്കിയതിൽ പിശക്- നഷ്ടം

പ്രോജക്ട് നം 230/165- മാപ്പിളച്ചേരി അങ്കണവാടിക്ക് ചുറ്റുമതിൽ, ഷീറ്റ് റൂഫിംഗ് (മെയിന്റനൻസ് ഫണ്ട്- 1,00,000 രൂപ)

കരാറുകാരൻ- ശ്രീ അബ്ബാസ് വാഷിദ് (10.76% കുറവ് നിരക്കിൽ)

കരാർ നം AE/PGP/52/15-16 തിയതി 13.11.2015

എസ്റ്റിമേറ്റ്- 1,50,000 രൂപ, DSR 2014 with cost index 1.3048, with CPOH

പേമെന്റ് - വൗച്ചർ നം 63/15-16 തിയതി 19.03.2016- 1,27,520 രൂപ)

ഈ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിലെ ഇനം 8 ചുവടെ ചേർക്കുന്നു-

Providing corrugated GI/Aluminium sheet (0.35mm) roofing-

88 sqm @ 616/sqm = Rs. 54,208.

ഈ നിരക്ക് കണക്കാക്കുന്നതിനായി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയിരിക്കുന്നത്. ഡാറ്റയിൽ ജി.ഐ ഷീറ്റിന് മാർക്കറ്റ് നിരക്കും മറ്റിനങ്ങൾക്ക് DSR ലെ നിരക്കുകളുമാണ് കണക്കാക്കിയിരിക്കുന്നത്. ഡാറ്റ ചുവടെ കൊടുക്കുന്നു.

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| മാർക്കറ്റ് നിരക്ക് | 0.5 mm thick GI colour coated sheet | ക്വിന്റൽ | 6.79 | 6000 | 40,740 |
| | DSR ലെ വിവിധയിനങ്ങൾ ആകെ തുക | | | | 25,202.18 |
| | ആകെ | | | | 65,942.18 |

| | | | | | |
|---|---|---|---|---|---|
| | മാർക്കറ്റ് നിരക്ക് | | | | 40,740 |
| | DSR നിരക്കിലുള്ള തുക | | | | 25,202.18 |
| | 1.3048 കോസ്റ്റ് ഇന്റക്സ് അടക്കം | | | | 32,883.80 |
| | ആകെ (65,942 + 32,883.80) | | | | 98,825.98 |
| | 15% CPOH | | | | 14,823.90 |
| | ആകെ (184.52 Sqm ന്) | | | | 1,13,649.87 |
| | Sqm ന് | | | | 615.92, അതായത്- 616/sqm |

മേൽ ഡാറ്റയിൽ നിരവധി പിശകുകൾ ഉള്ളതായി പരിശോധനയിൽ കാണുന്നു. സർക്കാർ ഉത്തരവ് (എം.എസ്) നം 74/2014/ത.സ്വ.ഭ.വ തിയതി 07.05.2014 പ്രകാരം ഒബ്സേർവ്ഡ് ഡാറ്റകളിൽ മാർക്കറ്റ് നിരക്ക് കണക്കാക്കുന്ന ഇനങ്ങൾക്ക് കോസ്റ്റ് ഇന്റക്സ് അനുവദിക്കാവുന്നതല്ല. എന്നാൽ മാർക്കറ്റ് നിരക്കിന് വാട്ടറിംഗ് ചാർജും CPOH ഉം അനുവദിക്കാവുന്നതാണ്. ഇതനുസരിച്ച് മേൽ ഒബ്സേർവ്ഡ് ഡാറ്റയിലെ പിശകുകൾ പരിഹരിച്ച് അനുവദനീയമായ നിരക്ക് ചുവടെ കണക്കാക്കുന്നു.

184.52 Sqm നുള്ള നിരക്ക്

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| മാർക്കറ്റ് നിരക്ക് | 0.5 mm thick Gl colour coated sheet | ക്വിന്റൽ | 6.79 | 6000 | 40,740 |
| | DSR ലെ വിവിധയിനങ്ങൾ ആകെ തുക | | | | 25,202.18 |
| | ആകെ | | | | 65,942.18 |
| | മാർക്കറ്റ് നിരക്ക് | | | | 40,740 |
| | | | | | 407.40 |
| | | | | | 41,147.40 |
| | 15 % CPOH | | | | 6172.11 |
| | ആകെ (A) | | | | 47,319.51 |
| | DSR നിരക്കിലുള്ള തുക | | | | 25,202.18 |
| | 1% വാട്ടറിംഗ് ചാർജ് | | | | 252.02 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 25,454.20 |
| | കോസ്റ്റ് ഇൻഡക്സ് (0.3048) | | | | 7758.44 |
| | ആകെ | | | | 33,212.64 |
| | 15 % CPOH | | | | 4981.89 |
| | ആകെ (B) | | | | 38,194.78 |
| | ആകെ A+B (184.52 Sqm നുള്ള നിരക്ക് | | | | 85,514.29 |
| | ഒരു Sqm ന് | | | | 463.44 |

ഈ പ്രവൃത്തിയുടെ അളവു പുസ്തകം നമ്പർ 14/15-16 ലെ പേജ് 8, 17 എന്നിവയിൽ രേഖപ്പെടുത്തിയതനുസരിച്ച് ഈയിനത്തിൽ കരാറുകാരൻ 88 Sqm പ്രവൃത്തി ചെയ്തതായും 616/ sqm എന്ന നിരക്കിൽ 54,208 രൂപയുടെ മൂല്യം അനുവദിച്ചതായും കാണുന്നു. എന്നാൽ അനുവദനീയമായ മൂല്യം ചുവടെ കണക്കാക്കുന്നു.

88 sqm @ 463.44/sqm = 40,782.27

അധികം - 13,421 (ടെണ്ടർ കിഴിവ് വരുത്തി 11,977 രൂപ)

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം തിയതി ) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 സ്കൂളിൽ അസംബ്ലി പവലിയൻ നിർമാണം- പി വി സി ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിന് നിരക്ക് കണക്കാക്കിയതിൽ പിശക്- നഷ്ടം

പ്രോജക്ട് നം 307/15- പാണത്തൂർ ഗവ. വെൽഫെയർ യു പി സ്കൂളിൽ അസംബ്ലി പവലിയൻ നിർമാണം (വികസന ഫണ്ട്- 15,00,000 രൂപ)

കരാറുകാരൻ- ശ്രീ സി എ ഷഫീഖ് (7.26% കുറവ് നിരക്കിൽ)

കരാർ നം AE/PDY/15/15-16 തിയതി 26.06.2015

എസ്റ്റിമേറ്റ്- 15,00,000 രൂപ, SOR 2012 with CP & OH

പേമെന്റ് - വൗച്ചർ നം 45/15-16 തിയതി 28.01.2016- 13,77,330 രൂപ)

ഈ പ്രവൃത്തിയുടെ അംഗീകൃത എസ്റ്റിമേറ്റിലെ ഇനം 8 ചുവടെ ചേർക്കുന്നു-

Roofing with PVC sheet 0.5 mm thick

577.20 sqm @ 3562/sqm = 2,05,599

ഈ നിരക്ക് കണക്കാക്കുന്നതിനായി ഒബ്സേർവ്ഡ് ഡാറ്റയാണ് തയ്യാറാക്കിയിരിക്കുന്നത്. ഡാറ്റ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1.350 | carpenter | 500/e | 675 |
| 1.350 | Man | 377/e | 508.95 |
| 11.50 sqm | PVC sheet | 156/sqm | 1794 |
| 0.50kg | GI hook | 81/kg | 40.50 |
| 22 nos | Bitumen washers | 3/10nos | 66 |
| 11.50 sqm | Conveyance of sheets | 1.10/sqm | 12.65 |
| | Total | | 3097 |

| | | | |
|---|---|---|---|
| | Including CP & OH | | 3562/10 Sqm |

മേൽ ഡാറ്റയിൽ ബിറ്റുമെൻ വാഷറുകളുടെ തുക തെറ്റായി എടുത്തതായി കാണുന്നു. 3/10 എണ്ണം എന്ന നിരക്കിൽ 22 വാഷറുകളുടെ വില 6.60 രൂപ മാത്രമാണ്. എന്നാൽ ഡാറ്റയിൽ ഇത് 66 എന്നാണ് എടുത്തു കാണുന്നത്. ശരിയായ നിരക്ക് ചുവടെ കണക്കാക്കുന്നു.

| | | | |
|---|---|---|---|
| 1.350 | carpenter | 500/e | 675 |
| 1.350 | Man | 377/e | 508.95 |
| 11.50 sqm | PVC sheet | 156/sqm | 1794 |
| 0.50kg | GI hook | 81/kg | 40.50 |
| 22 nos | Bitumen washers | 3/10nos | 6.60 |
| 11.50 sqm | Conveyance of sheets | 1.10/sqm | 12.65 |
| | Total | | 3037.70 |
| | Including CP & OH | | 3493/10 Sqm |

ഈ പ്രവൃത്തിയുടെ അളവു പുസ്തകത്തിലെ (നമ്പർ 84/14-15) പേജ് 13, 20 എന്നിവയിൽ രേഖപ്പെടുത്തിയതനുസരിച്ച് അനുവദിച്ച മൂല്യം ചുവടം ചേർക്കുന്നു.

546.25 sqm @ 3562/10sqm = 194574.25

അനുവദനീയമായ മൂല്യം ചുവടെ കണക്കാക്കുന്നു.

546.25 sqm @ 3493/10sqm = 1,90,805

അധികം- 3,769 (ടെണ്ടർ കിഴിവിനു ശേഷം 3,495 രൂപ)

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം തിയതി ) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-6 ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ദിവസവേതനം - അധികം തുക നൽകി.

വൗച്ചർ നം.21500159/06.07.2015- 12,150/-രൂപ

ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ. വിൽസൻ എന്നവർക്ക് ജൂൺ 2015 മാസത്തിലെ വേതനം നൽകുന്നതിന് ആകെ 12,150/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെക്ക് നം.11832/06.07.15. മസ്റ്റർ റോൾ പ്രകാരം ആകെ 27 ദിവസം വാഹനം ഓടിച്ചതിന് 450/- രൂപ പ്രകാരമാണ് 12,150/- രൂപ നൽകിയത്. പക്ഷെ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധന നടത്തിയപ്പോൾ 2015 ജൂൺ മാസം 6,8,9,10,11 തിയ്യതികളിൽ വാഹനം ഓടിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ആവശ്യത്തിലേക്ക് മറ്റൊരു വാഹനം വാടകക്ക് എടുത്തതിന് വൗച്ചർ നം.21500316/18.09.15 പ്രകാരം 13,610/- രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് ജോലി ചെയ്യാത്ത 5 ദിവസങ്ങളിൽ വേതനമായി 2,250/-രൂപ അധികം നൽകിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നം.02/29.12.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ അധികം നൽകിയ 2,250/-രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 ബസ് സ്റ്റാന്റ് പരിസരത്തെ കക്കൂസ് വൃത്തിയാക്കിയത്- മസ്റ്റർ റോൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വൗച്ചർ നം.21500140/25.06.15 – 5,000/-രൂപ

പാണത്തൂർ ബസ് സ്റ്റാന്റ് പരിസരത്തെ കക്കൂസ് വൃത്തിയാക്കിയതിന് 3 തൊഴിലാളികൾക്ക് നൽകുന്നതിന് 5,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവർത്തിയുടെ മസ്റ്റർ റോൾ പരിശോധന നടത്തിയപ്പോൾ ഏത് മാസം പ്രവർത്തി നടന്നു എന്ന് രേഖപ്പെടുത്തിയിട്ടില്ല, മസ്റ്റർ റോൾ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല, തുക സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച് ചെലവഴിക്കുകയാണ് ചെയ്തത്. ചെക്ക് നം.11830/25.06.2015. നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താത്ത, വിശദവിവരങ്ങൾ എഴുതാത്ത മസ്റ്റർ റോൾ ആധാരമാക്കി തുക ചെലവഴിച്ചതും, തൊഴിലാളികളുടെ പേരിലല്ലാതെ സെൽഫ് ചെക്ക് വഴി തുക ചെലവഴിച്ചതും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി നം.02/29.12.2016 പ്രകാരം ഇതിന് വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ 5,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു, വിശദീകരണം നൽകേണ്ടതാണ്.

## 3-8 എൻഡോസൾഫാൻ ആംബുലൻസ് - ഡ്രൈവർക്ക് വേതനം നൽകിയത്- നിയമനം നടത്തിയ തിയ്യതിക്കു മുമ്പ് വേതനം നൽകിയത്.

വൗച്ചർ നം.21500726/08.03.16 – 34,370/-രൂപ

എൻഡോസൾഫാൻ സ്കീമിൽ ലഭിച്ച കെ.എൽ.60.ജെ-3449 നമ്പർ ആംബുലൻസിന്റെ ഡ്രൈവറായി നിയമിക്കപ്പെട്ട ശ്രീ.അജി ജോസഫിന് 87 ദിവസത്തെ വേതനം നൽകാനായി ആകെ 34,370/-രൂപ ചെക്ക് നം.7771/08.03.16 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ ആകെ 3041കിലോമീറ്റർ ഓടിയതിൽ 1931കിലോമീറ്ററിന് വാടകയായി 19,310/- രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 14,530/- രൂപ ഇദ്ദേഹം ഒടുക്കിയിരുന്നു, ബാക്കി 4,780/-രൂപ കിഴിച്ചാണ് 34,370/- രൂപ നൽകിയത്( 87x450=39,150(-) 4,780= 34,370)ഇദ്ദേഹത്തിൽ നിന്നും ഈടാക്കി ബാക്കി തുകയാണ് നൽകിയത്. ഇദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.02/29.12.2016 പ്രകാരം ആവശ്യപ്പെട്ടതു പ്രകാരം ഹാജരാക്കിയ രേഖകൾ പരിശോധന നടത്തിയപ്പോൾ, 26.12.2015ലെ ശ്രീ.അജി ജോസഫ് സമർപ്പിച്ച അപേക്ഷ പ്രകാരമാണ് തുക നൽകിയത്. 31.08.2015 മുതൽ 25.11.2015വരെ 87 ദിവസം ജോലി ചെയ്തു എന്നാണ് അപേക്ഷയിൽ പറഞ്ഞിരിക്കുന്നത്. ഇദ്ദേഹത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട് ഭരണസമിതി തീരുമാനങ്ങൾ പരിശോധന നടത്തിയപ്പോൾ 18.09.2015 ലെ മിനിട്സ് പ്രകാരം പഴയ ഡ്രൈവർ രാജിവച്ച ഒഴിവിലേക്ക് പുതിയ നിയമനം നടത്താൻ 26.09.2015 ന് രാവിലെ 10.30 മണിക്ക് ഇന്റർവ്യൂ നടത്താൻ നം.106/15 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 29.09.2015 ലെ നം.112/15 തീരുമാന പ്രകാരം ശ്രീ.അജി ജോസഫിനെ ഡ്രൈവറായി നിയമിക്കാൻ തീരുമാനിച്ചു. അതായത് ശ്രീ.അജി ജോസഫിന് നിയമനം ലഭിച്ചത് 29.09.2015 മുതലാണ്. പക്ഷെ വേതനം 31.08.2015 മുതൽ നൽകിയിട്ടുണ്ട്. ആഗസ്റ്റ് 31, സെപ്തംബർ 1 മുതൽ 28 വരെ ആകെ 29 ദിവസം നിയമനം നൽകുന്നതിന് മുമ്പ് വേതനം നൽകിയതിന് ചെലവഴിച്ച 13,050/- (29x450)രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9 പനത്തടി ഗ്രാമ പഞ്ചായത്ത് വാഹനം-കെ.എൽ.14-എഫ്.4894 ജീപ്പ് -ഡീസൽ അടിക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധന നടത്തിയപ്പോൾ വിവിധ മാസങ്ങളിൽ ഡീസൽ നിറച്ചത് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | മാസം | ആകെ ഡീസൽ നിറച്ചത് | തുക | ആർക്ക് നൽകി | ചെക്ക് നം./തിയ്യതി |
|---|---|---|---|---|---|---|
| 1 | 21500029/ | 03/15 | 271.69 | 14,951 | കാവേരി | 11738/21.04.15 |

| | | | | | | |
|---|---|---|---|---|---|---|
| | dt.21.04.15 | | ലിറ്റർ | | ഏജൻസീസ് ബളാന്തോട് | |
| 2 | 21500081/ dt.18.05.15 | 04/15 | 153.27 | 8,222 | കാവേരി ഏജൻസീസ് ബളാന്തോട് | 11811/18.05.15 |
| 3 | 21500206/ dt.11.08.15 | 05/15 | 158.11 | 8,952 | കാവേരി ഏജൻസീസ് ബളാന്തോട് | 10233/11.08.15 |
| 4 | 21500212/ dt.13.08.15 | 06/15, 07/15 | 365.07 | 20,687 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 10237/13.08.15 |
| 5 | 21500302/ dt.18.09.15 | 08/15 | 174.83 | 8,653 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 10523/18.09.15 |
| 6 | 21500356/ dt.08.10.15 | 09/15 | 168.53 | 8,144 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 10540/08.10.15 |
| 7 | 21500407/ dt.13.11.15 | 10/15 | 340.61 | 16,874 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 10566/13.11.15 |
| 8 | 21500536/ dt.21.12.15 | 11/15 | 173.95 | 8,749 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 8118/21.12.15 |
| 9 | 21500570/ dt.14.01.16 | 12/15 | 20.14 | 1,010 | എ.ടി. ഫ്യൂവൽസ്, കോളിച്ചാൽ | 8132/14.01.16 |
| | | ആകെ | 3820.06 ലിറ്റർ | 96,242/- | | |

മേൽ വിവരിച്ച പ്രകാരം ആകെ 3820.06 ലിറ്റർ ഡീസൽ നിറച്ചതിന് ആകെ 96,242/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും ലിറ്റർ ഡീസൽ നിറച്ചത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ ഡ്രൈവറുടെയും, കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയുടെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായാണ് ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നത്. ഈ പറഞ്ഞ അളവിൽ ഡീസൽ നിറച്ചിട്ടുണ്ടാവില്ല എന്നാണ് ഓഡിറ്റിന്റെ വിലയിരുത്തൽ. ഓഡിറ്റ് എൻക്വയറി നം.04/29.12.2016 പ്രകാരം ഇതിന് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ 96,242/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു, വിശദീകരണം നൽകേണ്ടതാണ്.

## 3-10 മീഡിയാശ്രീ പദ്ധതി- ഡോക്യുമെന്ററി ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 38/16

വൗച്ചർ നം.21500280/22.07.2015 – 65,000/-

ഗ്രാമപഞ്ചായത്തുകളുടെ ചരിത്രവും വർത്തമാനവും, പദ്ധതികളും, നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചെയ്യുന്നതിന് സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്ന മീഡിയാശ്രീ പദ്ധതിക്കായി മേൽവൗച്ചർ പ്രകാരം ആകെ 65,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്ന ഏജൻസിയായ കുടുംബശ്രീയുടെ എക്സി.ഡയരക്ടറുടെ കെ.എസ്.കെ-6260/2014, തിയ്യതി. 21.03.2015 പ്രകാരം കാസറഗോഡ് ജില്ലാ കുടുംബശ്രീ മിഷൻ കോർഡിനേറ്റർക്കാണ് തുക കൈമാറിയിട്ടുള്ളത്. ഡിഡി നം.908219/14.08.2015. തയ്യാറാക്കിയ ഡോക്യുമെന്ററി ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.04/29.12.2016 പ്രകാരം ഡോക്യുമെന്ററി യുടെ പകർപ്പ് ഹാജരാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ 65,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു, ഡോക്യുമെന്ററിയുടെ പകർപ്പ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഇത് തയ്യാറാക്കിയിട്ടില്ലെങ്കിൽ അനന്തര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര് നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| TSC പരപ്പ് ബ്ലോക്ക് പഞ്ചായത്ത് | 45,00,000 | സാനിറ്ററി യൂണിറ്റ്, 82/16 | 27,30,000 | 17,70,000 |
| | 2,00,000 | അംഗൻവാടി പോഷകാഹാരം, 12/16 | 1,52,033 | 47,967 |
| | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 70/16 | 0 | 75,000 |
| ജില്ലാ പഞ്ചായത്ത് WGDP ജില്ലാ പഞ്ചായത്ത് | 75,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, 70/16 | 0 | 75,000 |
| | 5,73,750 | ചെമ്പേരിച്ചാൽ-പരിയാരം നീർത്തട പദ്ധതി, 56/16 | 2,88,624 | 2,85,126 |
| | 3,00,000 | കമ്മാടി അംഗൻവാടി കെട്ടിടനിർമ്മാണം, 89/16 | 1,41,675 | 1,58,325 |
| | 3,00,000 | കാപ്പിത്തോട്ടംഅംഗൻവാടി കെട്ടിടനിർമ്മാണം, | 0 | 3,00,000 |

| | | | | |
|---|---|---|---|---|
| | | 91/16 | | |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് - മുതൽ | തൻവർഷം അടച്ചത് - പലിശ | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| 1 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | നം.37805/DB2 /09/LSGD /Dt.20.11.09 | 83,25,776 | 36,99,481 | 6,24,434 | | 30,75,047 |
| 2 | EMS ഭവന പദ്ധതി | സ.ഉ(സാധാ) നം. 525/10 /LSGD/Dt.22.02.10 | 1,41,62,500 | 62,96,100 | 16,45,025 | - | 46,51,075 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 14,962/- ഈടാക്കിയിട്ടുണ്ട്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം,ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2012-13, 1 | 2006-07, 3.100.2 | കൊട്ടോടി തൂക്കുപാലം മുൻകൂർ നൽകിയത് | പരിഹരിച്ചു |
| 2012-13, 2 | 2006-07, 3.100.1 | മൈത്രീഭവന പദ്ധതി | മറുപടി സമർപ്പിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 2012-13, 3 | 2006-07, 3.104.2 | കടമ്പൂർ ഇക്കപാലം കരാറുകാരൻ തിരികെ അടയ്ക്കുവാനുള്ള തുക | തുക റവന്യൂറിക്കവറി പ്രകാരം ബഹു.തഹസിൽദാർ അടവാക്കിയിട്ടുണ്ട്. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,52,68,660 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,28,03,579 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,760 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61,410 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,14,279 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(1) | 270 | | ജോസഫ് സാമുവൽ, സെക്രട്ടറി |
| 2-1(3) | 2490 | | സി.ദാമോദരൻ, സെക്രട്ടറി |
| 3-1 | | 1500 | സി.ദാമോദരൻ, സെക്രട്ടറി |
| 3-3 | | 29138 | വൈശാഖ്.ബി, അസി.എഞ്ചിനീയർ |
| 3-4 | | 11977 | വൈശാഖ്.ബി, അസി.എഞ്ചിനീയർ |
| 3-5 | | 3495 | രമേശൻ കുറുവാട്ടിൽ, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ |
| 3-6 | | 2250 | സി.ദാമോദരൻ,<br>സെക്രട്ടറി |
| 3-8 | | 13050 | സി.ദാമോദരൻ,<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 48037 | 1.ജോസഫ് സാമുവൽ,<br>സെക്രട്ടറി<br>2.സി.ദാമോദരൻ,<br>സെക്രട്ടറി |
| 3-7 | 5000 | ജോസഫ് സാമുവൽ,<br>സെക്രട്ടറി |
| 3-9 | 96242 | 1.ജോസഫ് സാമുവൽ,<br>സെക്രട്ടറി<br>2.സി.ദാമോദരൻ,<br>സെക്രട്ടറി |
| 3-10 | 65000 | സി.ദാമോദരൻ,<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോസഫ് സാമുവൽ,<br>സെക്രട്ടറി | വിരമിച്ചു | കൊച്ചു പറമ്പിൽ പരിയാരം മെഡിക്കൽ കോളേജ് (പിഒ), കണ്ണൂർ |

| | | |
|---|---|---|
| | | പിൻ 670503 |
| സി.ദാമോദരൻ,<br>സെക്രട്ടറി | വിരമിച്ച | ചെനിയാർകുന്ന്<br>ബളാൽ (പിഒ),<br>പരപ്പ (വഴി)<br>കാസറഗോഡ്<br>പിൻ- 671533 |
| വൈശാഖ്.ബി,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പള്ളിക്കര ഗ്രാമപഞ്ചായത്ത് | സാകേതം,<br>വെള്ളിക്കോത്ത്<br>അജാനൂർ (പിഒ)<br>കാഞ്ഞങ്ങാട് |
| രമേശൻ കുറുവാട്ടിൽ,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കിനാനൂർ കരിന്തളം<br>ഗ്രാമപഞ്ചായത്ത് | മാണിയാട്ട്,<br>ചന്തേര (പിഒ),<br>കാസറഗോഡ് ജില്ല |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1986-87 | എൽ.എഫ്.കെ.എസ്.ഡി:4/ 514/97, തി:05.11.97 | 04 |
| 1987-88 മുതൽ 1989-90 വരെ | എൽ.എഫ്.കെ.എസ്.ഡി:5/ 458/99, തി:08/12/99 | 08 |
| 1996-97(E) | എൽ.എഫ്.കെ.എസ്.ഡി:5/516/98 തി:15.01.01 | 12 |
| 1997-98(P) | എൽ.എഫ്.കെ.എസ്.ഡി:4/549/04 തി:01.08.05 | 07 |
| 1998-99(P) | എൽ.എഫ്.കെ.എസ്.ഡി:4/550/04 തി:01.08.05 | 02 |
| 1999-00(P) | എൽ.എഫ്.കെ.എസ്.ഡി:4/551/04 തി:01.08.05 | 08 |
| 2000-01(P) | എൽ.എഫ്.കെ.എസ്.ഡി:4/650/07 തി:11.12.07 | 06 |
| 2001-02(P) | എൽ.എഫ്.കെ.എസ്.ഡി:4/651/07 തി:13.08.07 | 04 |
| 1990-95(F) | എൽ.എഫ്.കെ.എസ്.ഡി:4//05 തി:03.12.05 | 06 |
| 1995-96(F) | എൽ.എഫ്.കെ.എസ്.ഡി:3/377/08 | 02 |

| | | |
|---|---|---|
| | തി:03.11.08 | |
| 1996-97(F) | എൽ.എഫ്.കെ.എസ്.ഡി:3/481/08 തി:03.11.08 | 01 |
| 1997-98(F) | എൽ.എഫ്.കെ.എസ്.ഡി:3/482/08 തി:03.11.08 | 02 |
| 1998-99(F) | എൽ.എഫ്.കെ.എസ്.ഡി:3/483/08 തി:04.11.08 | 01 |
| 1999-00 | എൽ.എഫ്.കെ.എസ്.ഡി:3/484/08 തി:04.11.08 | 07 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി:3/485/08 തി:04.11.08 | 07 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി:3/486/08 തി:04.11.08 | 08 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി:3/487/08 തി:04.11.08 | 07 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി:3/488/08 തി:04.11.08 | 12 |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി:3/489/08 തി:04.11.08: | 13 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി:6/247/11 തി:15.09.11 | 15 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി:6/896/11 തി:14.02.12 | 14 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി:3/01/11 തി:06.09.12 | 22 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി:3/359/12 തി:12.12.12 | 14 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി:3/373/12 തി:02.02.13 | 17 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി:3/326/12 തി:02.02.13 | 22 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി:9/22/14 തി:23.07.14 | 45 |
| 2013-14 | കെ.എസ്.എ-കെ.എസ്.ഡി10/1252/15 തീയ്യതി 03.12.2015 | 23 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി10/773/16 തീയ്യതി 27.07.2016 | 19 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കാസർഗോഡ് ജില്ലാ കാര്യാലയം

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എസ്.ഡി.10/68/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്,കാര്യാലയം,

ഫോൺ.04994-256690

തീയ്യതി: 03.01.2017.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, പനത്തടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

No.KSA/KSD-10/68/2017

Kerala State Audit Department

District Audit,Office, Kasaragod,

Phone:04994-255690

E-mail:doksd.ksad@gmail.com

Date:03.01.2017.

Certified that, I have audited the Annual Financial Statement of PANATHADY GRAMA PANCHAYAT in Kasaragod District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Selection 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller andAuditor General of India for the purpose of audit of accounts of panchayat Raj Institutions.

In my opinion, the Financial Statements of PANATHADY Gramapanchayat for the year 2015-16, except

the observations in my audit report, properly presents the picture of income and expenditure.

Deputy Director,

kerala state Audit Department,

District Audit Office, Kasaragod